മാതൃഭൂമി

29 December 2023

# ഭക്ഷ്യവൈവിധ്യമൊരുക്കി മില്ലെറ്റും മീനും പ്രദർശന ഭക്ഷ്യമേള

**കൊച്ചി ▸** കടൽപ്പായൽ (സീവീഡ്) ഹൽവയും പായസവും തുടങ്ങിയ വിഭവങ്ങൾ. നീരാളി പൊരിച്ചത്, ചാമ സാഗരസദ്യ, വരഗ് ബിരിയാണി, ട്യൂണ കൊണ്ട് ചട്ണി വരെയുണ്ട് മേളയിൽ. ചെറുധാന്യ-മീൻ രുചിവൈവിധ്യങ്ങളുമായി സി.എം.എഫ്.ആർ.ഐ.യിൽ 'മില്ലെറ്റും മീനും' പ്രദർശന ഭക്ഷ്യമേള തുടങ്ങി.



എറണാകുളം സി.എം.എഫ്.ആർ.ഐ.യിൽ ആരംഭിച്ച മില്ലെറ്റും മീനും പ്രദർശന വിപണനമേളയിലെ സ്റ്റാൾ

മീനുകളിൽ നിന്നുള്ള മൂല്യവർധിത ഉത്പന്നങ്ങളും സുഗന്ധവ്യഞ്ജന ഉത്പന്നങ്ങളും ഉൾപ്പെടുത്തിയിരിക്കുന്നു. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മില്ലെറ്റ്സ് റിസർച്ച് ഡയറക്ടർ ഡോ. സി. താര സത്യവതി മേള ഉദ്ഘാടനം ചെയ്തു. സി.എം.എഫ്. ആർ.ഐ. ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണൻ അധ്യക്ഷനായി. ഡോ. എൽ. നരസിംഹ മൂർത്തി, ഗോപകുമാരൻ നായർ ജി., ഡോ. ഷൈൻ കുമാർ സി.എസ്. ഡോ. എം.പി. രമേശൻ, അജീഷ് ബാലു, ഡോ. ഷിനോജ് സുബ്രഹ്മണ്യൻ, ഡോ ഗ്രിൻസൻ ജോർജ് എന്നിവർ പ്രസംഗിച്ചു. രാവിലെ 11 മുതൽ രാത്രി 8 വരെയാണ് സമയം. ശനിയാഴ്ച സമാപിക്കും.